**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **30-06-2022 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്ക് നൽകി വരുന്ന മണ്ണെണ്ണ വളരെ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന രീതിയെ അടിസ്ഥാനപ്പെടുത്തി വിവിധ കുതിര ശക്തിയുള്ള എഞ്ചിനുകൾ (8 HP മുതൽ 40 HP വരെ ) ഉപയോഗിക്കുന്നുണ്ട്. തീരക്കടലിലും ആഴക്കടലിലുമുള്ള മത്സ്യബന്ധനത്തെ അടിസ്ഥാനമാക്കി മണ്ണെണ്ണയുടെ ഉപയോഗത്തിലും കാര്യമായ വ്യത്യാസം സംഭവിക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ 28 അടി മുതൽ 32 അടി വരെയുള്ള യാനങ്ങളിൽ പ്രധാനമായും 9.9 കുതിര ശക്തിയുള്ള 2 എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് പുറമേ ഒരു 9.9 HP എഞ്ചിന് പകരം 25 HP , 40 HP എന്നി എഞ്ചിനുകളും മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നുണ്ട് . 9.9 HP എഞ്ചിൻ മണിക്കൂറിൽ ശരാശരി 7 ലിറ്റർ മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുമ്പോൾ കുറഞ്ഞത് 35 മുതൽ 65 വരെ ലിറ്റർ മണ്ണെണ്ണ പ്രതിദിനം ഉപയോഗിക്കാറുണ്ട്. ആയതിനാൽ 500 ലിറ്റർ മണ്ണെണ്ണയെങ്കിലും പ്രതിമാസം ആവശ്യമാണ്. എന്നാൽ നിലവിൽ മത്സ്യഫെഡ് വഴി പ്രതിമാസം നൽകുന്ന പരമാവധി മണ്ണെണ്ണ 190 ലിറ്ററും ,സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകുന്ന പരമാവധി മണ്ണെണ്ണ 180 ലിറ്ററും ഉൾപ്പെടെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന പരമാവധി മണ്ണെണ്ണ 370 ലിറ്ററാണ് |
| (ബി) | മണ്ണെണ്ണയുടെ ലഭ്യത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ത്തിനാവശ്യമായ അത്രയും നോൺ സബ്സിഡൈസ്ഡ് മണ്ണെണ്ണ ലഭ്യമാക്കണമെന്നതാണ് ലക്ഷ്യം. ഇതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | ഒരു ലിറ്റർ മണ്ണെണ്ണ ഇരുപത്തിയഞ്ച് രൂപനിരക്കിൽ നൽകണമെന്ന തൊഴിലാളികളുടെ ആവശ്യത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിലവിൽ മത്സ്യഫെഡ് മുഖേന സംസ്ഥാന സർക്കാർ 25 രൂപ പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയ്ക്ക് സബ്സിഡി അനുവദിച്ചുവരുന്നു. 2020 ഏപ്രിലിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52.52 രൂപയായിരുന്നതാണ് ഇന്ന് വർദ്ധിച്ച് 137 രൂപയായിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം കേന്ദ്ര സർക്കാർ എണ്ണകമ്പനികൾക്ക് നൽകിയതിനെ തുടർന്നാണ് ഇത്തരത്തിൽ മണ്ണെണ്ണയുടെയടക്കം വില ഉയരുന്നത്. ഇക്കാലയളവിൽ സബ്സിഡി രഹിത ക്വാട്ടയിൽ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ വിലയും ഇരട്ടിയിലധികം വർദ്ധിച്ച് 86 രൂപയായിരിക്കുകയാണ്. ആവശ്യകതയുടെ കാൽ ഭാഗം പോലും സബ്സിഡി രഹിത മണ്ണെണ്ണ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. മണ്ണെണ്ണക്ക് പെട്രോളിനേയും ഡീസലിനേയുംകാൾ ഉയർന്ന വില ഉണ്ടായ സാഹചര്യം മുൻപ് ഉണ്ടായിട്ടില്ല. നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള 14332 മത്സ്യബന്ധന എഞ്ചിനുകൾക്ക് മാത്രം മത്സ്യഫെഡ് മുഖാന്തിരം അനുവദിക്കുന്ന അതേ നിരക്കിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 321 കോടി രൂപ വേണ്ടി വരും. മണ്ണെണ്ണയുടെ വില കുറയ്ക്കുന്ന കാര്യം സംബന്ധിച്ചും ആവശ്യത്തിന് അളവ് കേരളത്തിന് അനുവദിക്കുന്നത് സംബന്ധിച്ചും കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിന് ഉചിതമായ തുടർനടർപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ